**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741** **12-09-2023 - ൽ മറുപടിയ്ക്ക്**

**കേര കർഷകരെ സഹായിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിലത്തകർച്ച മൂലം നഷ്ടം നേരിടുന്ന കേര കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; | (എ) | നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14.01.2022 ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/FPOകൾ/മറ്റ് ഏജൻസികൾ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK),മുഖേനയും കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. സർക്കാരിന്റെ ഈ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടു വരുന്നത്.01/08/2023 തീയ്യതിയിലെ സ.ഉ(സാധാ) നം.744/2023/AGRI ഉത്തരവ് പ്രകാരം, അടിയന്തിരമായി പച്ചത്തേങ്ങ/കൊപ്രസംഭരണം ആരംഭിക്കുന്നതിനും അതുവരെ നിലവിലെ പച്ചത്തേങ്ങ സംഭരണ പദ്ധതിയിൽ തുടരുന്നതിനും അപ്രകാരം ശേഖരിക്കുന്ന പച്ചത്തേങ്ങ കേരഫഡിന് കൈമാറാനും അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 31.08.2023 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽ നിന്നും 12872.5086 MT പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.<br><br>പച്ചത്തേങ്ങയുടെ സംഭരണ വില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ 1 മുതൽക്കാണ് 34/- രൂപയായി ഉയർത്തിയത്. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2023 സീസണിലെ തേങ്ങയുടെ |

| | | | |
|---|---|---|---|
| | | | താങ്ങുവില 29.30 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 04.70 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>നിലവിൽ ഒരു തെങ്ങിൽ നിന്നും സംഭരിക്കാവുന്ന തേങ്ങയുടെ പരമാവധി എണ്ണം 70 ആയി നിശ്ചയിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമത 70ൽ അധികമുള്ള മേഖലകൾ കണ്ടെത്തുന്നതിന് കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിക്കുന്നതിന് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ PSS -2023 പദ്ധതി പ്രകാരം നാഫെഡ് മുഖേന കൊപ്ര സംഭരിക്കുന്നതിന്റെ ഭാഗമായി പച്ചത്തേങ്ങ VFPCK മുഖേന ശേഖരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറുന്ന പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കർഷകരിൽ നിന്ന് നാളീകേരം സംഭരിക്കുന്നതിന് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ? | (ബി) | നിലവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താത്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPOകൾ എന്നിവയിൽ നിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശുപാർശ ചെയുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണാപത്രം ഒപ്പവച്ച ശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയാണ് ചെയ്തു വരുന്നത്. ഇപ്രകാരം ജില്ലാ തല സമിതി ശുപാർശ ചെയ്യുന്ന ഏജൻസികൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് സംഭരണം നടത്താവുന്നതാണ്.<br><br>നാളികേരകൃഷി കൂടുതലുള്ള മേഖലകളിൽ എം.എൽ.എ മാരുമായി കൂടിയാലോചിച്ച് അവരുടെ സഹകരണത്തോടെ പ്രാദേശിക സൗകര്യങ്ങൾ പരിശോധിച്ചും ഉറപ്പാക്കിയും ആവശ്യാനുസരണം കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനു ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കു നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ